**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2221** **30-09-2025 - ൽ മറുപടിയ്ക്ക്**

**ചേലക്കര താലൂക്കാശുപത്രിയിലെ ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര താലൂക്കാശുപത്രിയിൽ ഒരു ദിവസം എത്ര വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ടെന്ന് അറിയിക്കാമോ; | (എ) | ചേലക്കര താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള 4 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് ഒരു ദിവസം 2 ഷിഫ്റ്റിലായി 7 രോഗികൾക്ക് ഡയാലിസിസ് ചെയുന്നതിനുള്ള സൗകര്യം ഉണ്ട്. |
| (ബി) | നിലവിൽ എത്ര പേർ ചേലക്കര താലൂക്കാശുപത്രിയിൽ ഡയാലിസിസ് ചികിത്സാ സൗകര്യം ലഭിക്കുന്നതിനായി ബുക്ക് ചെയ്തു വെയിറ്റിംഗ് ലിസ്റ്റിലുണ്ട് എന്ന വിവരം അറിയിക്കാമോ; | (ബി) | നിലവിൽ 90 രോഗികൾ ബുക്ക് ചെയ്ത് വെയിറ്റിംഗ് ലിസ്റ്റിൽ ഉണ്ട്. |
| (സി) | പ്രസ്തുത ചികിത്സാ സൗകര്യം ഒറ്റദിവസം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ 4 ബെഡുകൾ കൂടി സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യമുണ്ട്. കെട്ടിടത്തിന്റെ 2 നിലകളിലായാണ് സൗകര്യം ഒരുക്കിയിട്ടുള്ളത് എന്നതിനാൽ ലിഫ്റ്റ് സൗകര്യം അത്യാവശ്യമാണ്. ലിഫ്റ്റ് പണിയുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തുകയും ടെൻഡർ നടപടികൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ നടന്നു വരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കി യൂണിറ്റ് വിപുലീകരിക്കാവുന്നതാണ്. |
| (ഡി) | എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ 4 ബെഡുകൾ കൂടി സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യമുണ്ട്. കെട്ടിടത്തിന്റെ 2 നിലകളിലായാണ് സൗകര്യം ഒരുക്കിയിട്ടുള്ളത് എന്നതിനാൽ ലിഫ്റ്റ് സൗകര്യം അത്യാവശ്യമാണ്. ലിഫ്റ്റ് പണിയുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തുകയും ടെൻഡർ നടപടികൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ നടന്നു വരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാർ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കി യൂണിറ്റ് വിപുലീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ